# നായർ സമാജം ഹൈസ്കൂൾ

## വാളൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 – 26

# CONTENTS


| | |
|---|---|
| ആമുഖം | 1 |
| പൊതുലക്ഷ്യങ്ങൾ | 2 |
| സ്കൂൾ ചരിത്രം | 3 |
| ആറാം അദ്ധ്യയനദിന റിപ്പോർട്ട് | 4 |
| സ്കൂൾ ഓഫീസ് നവീകരണ പ്രവർത്തനങ്ങൾ | 7 |
| സ്കൂൾ സ്റ്റാഫ് ഫോൺ നമ്പർ | 8 |
| **അക്കാദമിക മേഖലകൾ** | |
| മലയാളം (UP) | 9 |
| മലയാളം (HS) | 10 |
| സംസ്കൃതം (UP) | 11 |
| സംസ്കൃതം (HS) | 12 |
| ഹിന്ദി (UP) | 13 |
| ഹിന്ദി (HS) | 14 |
| ഇംഗ്ലീഷ് (UP) | 16 |
| ഇംഗ്ലീഷ് (HS) | 18 |
| അടിസ്ഥാനശാസ്ത്രം (UP) | 19 |
| ഫിസിക്സ് | 20 |
| കെമിസ്ട്രി | 23 |
| ജീവശാസ്ത്രം (HS) | 26 |
| സാമൂഹ്യശാസ്ത്രം (UP) | 27 |
| സാമൂഹ്യശാസ്ത്രം (HS) | 28 |
| ഗണിതം (UP) | 30 |
| ഗണിതം (HS) | 32 |
| ഭിന്നശേഷി വിദ്യാഭ്യാസം | 33 |
| ഐ.ടി. ലാബ് നവീകരണം | 36 |
| ഗൈഡ് യൂണിറ്റ് | 37 |
| കായിക വിദ്യാഭ്യാസം | 38 |
| പ്രവർത്തി പരിചയം | 39 |
| കലാ വിദ്യാഭ്യാസം | 40 |
| ഉപസംഹാരം | 41 |

# ആമുഖം

2017-ൽ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടന്നു വരുന്ന പ്രവർത്തനങ്ങൾ പൊതുവിദ്യാലയങ്ങളെ ഗുണമേന്മയുള്ളതാക്കുവാൻ ഏറെ സഹായിച്ചിട്ടുണ്ട്. ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റ് ആയി കണ്ടുകൊണ്ട് ഏറ്റവും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

വാളൂർ നായർ സമാജം ഹൈസ്കൂളിൽ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയ 'അക്കാദമിക് മാസ്റ്റർ പ്ലാൻ' വിദ്യാലയത്തിന്റെ ബൃഹത്തായ ഭാവിയെ മുന്നിൽ കണ്ടു കൊണ്ടുള്ള മാസ്റ്റർ പ്ലാൻ തന്നെ ആയിരുന്നു. അധ്യാപകരും, മാനേജ്മെന്റും, രക്ഷിതാക്കളും, ഭരണകൂടവും പൊതുസമൂഹത്തിന്റെ പിന്തുണയോടെ ആസൂത്രണം ചെയ്ത പദ്ധതിക്ക് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചു. 2018-ൽ എം.എൽ.എ. ഫണ്ടിൽ നിന്ന് അനുവദിച്ച പാചകപ്പുര, നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന പുതിയ ബഹുനിലക്കെട്ടിടം, ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മാണം പൂർത്തീകരിച്ച ടോയ്‌ലറ്റ് ബ്ലോക്ക്, മൈതാനത്തിന്റെ നവീകരണം, പുതിയതായി നിർമ്മിച്ച വോളിബോൾ കോർട്ട് എന്നിവ മാസ്റ്റർ പ്ലാൻ മുന്നോട്ടുവച്ച ആവശ്യങ്ങളായിരുന്നു. ഗതാഗത സൗകര്യത്തിനായി എം.പി. ഫണ്ടിൽ നിന്ന് അനുവദിച്ച സ്കൂൾ ബസ്സും വിദ്യാലയത്തിന് മുതൽക്കൂട്ടായി.

അക്കാദമിക രംഗത്ത് വലിയ പുരോഗതിയാണ് ഈ കാലയളവിൽ വിദ്യാലയത്തിന് കൈവരിയ്ക്കാനായത്. SSLC വിജയശതമാനം സ്ഥിരമായി 100 ശതമാനത്തിൽ എത്തി എന്നതിനപ്പുറം ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണവും ഏറെ വർദ്ധിച്ചു. കോർണർ പി.ടി.എ., പഠനവീട്, മികവിന്റെ കേന്ദ്രം തുടങ്ങിയ വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് ഉതകുന്ന ഒട്ടേറെ പദ്ധതികൾ രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കി. കലാ-കായിക പ്രവൃത്തിപരിചയ പരിശീലനത്തിന് പ്രത്യേക അധ്യാപകരില്ലാതിരുന്നിട്ടും പ്രത്യേക പരിശീലകരെവച്ച് മികച്ച നേട്ടങ്ങൾ കൈവരിച്ചു.

രണ്ട് വർഷം കൂടുമ്പോൾ മാസ്റ്റർ പ്ലാൻ ലക്ഷ്യങ്ങൾ പുതുക്കി നിശ്ചയിക്കുക എന്ന രീതിയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്. 2017-ൽ വിഭാവനം ചെയ്ത പല പദ്ധതികളും നടപ്പാക്കിയതിനാൽ ഇവയെ ഒഴിവാക്കി പുതിയ പദ്ധതികൾ ആവിഷ്ക്കരിയ്ക്കയാണ് ഇപ്പോൾ ചെയ്യുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പരിമിതികളെ മറികടന്നും കൂടുതൽ മികവ് പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയും 2026 മാർച്ചിനകം കൂടുതൽ ലക്ഷ്യങ്ങൾ കൈവരിയ്ക്കാനുള്ള ഉദ്യമത്തിലാണ് അധ്യാപകരും മാനേജ്മെന്റും, പി.ടി.എ.യും വിവിധ തലങ്ങളിൽ നടന്ന ചർച്ചകൾക്കൊടുവിൽ സമഗ്ര ഗുണമേന്മ ലക്ഷ്യമാക്കി 2025-2026 വർഷത്തിലേക്കായി അക്കാദമിക മാസ്റ്റർ പ്ലാൻ കൂടുതൽ വികസിപ്പിച്ചിട്ടുണ്ട്. അക്കാദമി രംഗത്തിനൊപ്പം കായിക രംഗത്തിനും വലിയ പ്രാധാന്യം നൽകുന്ന ഒരു പദ്ധതിയാണ് ഇവിടെ വിഭാവനം ചെയ്യുന്നത്. ഏവരുടേയും സഹകരണങ്ങൾ പ്രതീക്ഷിയ്ക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

പാഠ്യപാഠ്യേതര വിഷയങ്ങളെ ശാസ്ത്രീയമായ രീതിയിൽ വിനിമയം നടത്തി, ഭൗതിക സാഹചര്യങ്ങളെ മെച്ചപ്പെട്ട നിലവാരത്തിലേക്കുയർത്തി കുട്ടികളുടെ സമഗ്ര മായ വികസനം ഉറപ്പുവരുത്തുന്ന കർമ്മ പദ്ധതികളാണ് വിദ്യാലയം ലക്ഷ്യമിടുന്നത്.

1. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളിൽ ഓരോ വിഷയത്തിലും നിലനിൽക്കുന്ന പിന്നോക്കാവസ്ഥ അവസാനിപ്പിക്കാനുതകുന്ന തരത്തിൽ അക്കാദമിക നിലവാരം മെച്ചപ്പെടുത്തും.
2. ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്താൻ പ്രതിഭാ പോഷണ പരിപാടികൾ സംഘടിപ്പിക്കും.
3. കലാ-കായിക പ്രവൃത്തിപരിചയ കഴിവുകൾ വികസിപ്പിക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങളും മറ്റു വിഭവങ്ങളും ഉറപ്പുവരുന്നു.
4. ആരോഗ്യം, ശുചിത്വം, മാനസീകോല്ലാസം എന്നിവ ഉറപ്പുവരുത്തുന്നതോടൊപ്പം പ്ലാസ്റ്റിക്, കീടനാശിനി, ലഹരി വിമുക്ത അന്തരീക്ഷം വിദ്യാലയത്തിൽ സൃഷ്ടി ച്ചെടുക്കും.
5. സാമൂഹിക പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരം ഉറപ്പുവരുത്തുന്നതര ത്തിൽ ഭൗതിക സൗകര്യങ്ങൾ, പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കും.
6. ഭിന്നശേഷി സൗഹൃദ വിദ്യാലയമെന്ന ലക്ഷ്യത്തോടെ കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി അധ്യയന രീതികൾ നവീകരിക്കും.
7. സാമൂഹിക ഉത്തരവാദിത്വങ്ങളും മൂല്യങ്ങളും കുട്ടികളിൽ ജനിപ്പിക്കത്തക്ക രീതി യിൽ ഗൈഡ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും.

# സ്കൂൾ ചരിത്രം

വാളൂർ ഗ്രാമത്തിലോ സമീപ പ്രദേശങ്ങളിലോ ഒരു വിദ്യാലയം ഇല്ലാതിരുന്ന സാഹചര്യത്തിൽ ചംക്രമത്ത് ശങ്കരമേനോൻ, ചംക്രമത്ത് നാരായണ മേനോൻ എന്നീ മഹദ്വ്യക്തികളാണ് വിദ്യാലയം സ്ഥാപിക്കുന്നതിനുവേണ്ടി പ്രവർത്തിച്ചത്. പ്രിപ്പറേറ്ററി വിദ്യാലയമായാണ് ഇതിന്റെ തുടക്കം. എറണാകുളം ജില്ലയുടെ വടക്കേ അറ്റത്തും തൃശ്ശൂർ ജില്ലയുടെ തെക്കേ അറ്റത്തുമുള്ള ഗ്രാമവാസികൾക്ക് പഠനത്തിന് ഏകാശ്രയമായിരുന്നു ഈ വിദ്യാലയം. 1945-ൽ ഈ വിദ്യാലയം ഹൈസ്കൂളായി ഉയർന്നു. ഏതാനും വർഷം മുമ്പ് അന്നത്തെ മാനേജരായിരുന്ന ഗോവിന്ദമേനോന്റെ നിര്യാണത്തെ തുടർന്ന് അദ്ദേഹത്തിന്റെ മകൻ ശശി ചംക്രമത്ത് മാനേജരായി ചുമതലയേറ്റു. സാധാരണ വിദ്യാലയങ്ങളിൽ നിന്ന് ഒട്ടേറെ സവിശേഷമായ വ്യത്യസ്തതകൾ ഉള്ള ഒരു വിദ്യാലയമാണ് വാളൂർ സ്കൂൾ. വിഷയങ്ങൾ പഠിക്കുക എന്ന പ്രാഥമിക കൃത്യത്തിനപ്പുറം സംസ്കാര സമ്പന്നമായ ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യവും വിദ്യാലയത്തിനുണ്ട്. ഒപ്പം പരിസ്ഥിതി സൗഹൃദപരമായ ജീവിത കാഴ്ചപ്പാട് കുട്ടികളിൽ വളർത്താനുള്ള ഭഗീരഥ പ്രയത്നങ്ങളിലാണ് വിദ്യാലയം ഏർപ്പെട്ടിരിക്കുന്നത്. ജൈവകൃഷിയും കൃഷി പാഠശാലയും പ്രാദേശിക പി.ടി.എ.യും സംസ്ഥാനതലത്തിൽതന്നെ മാതൃകയായ പ്രവർത്തനങ്ങളായി. പഞ്ചവാദ്യമുൾപ്പെടെയുള്ള കലകൾ പാഠ്യപദ്ധതിയിലേക്ക് കൊണ്ടുവന്നും കഥക്, ഓഡീസി, ഹിന്ദുസ്ഥാനി സംഗീതം, കഥകളി, കൂടിയാട്ടം എന്നിവ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിയും ഭാരതീയ സംസ്കൃതിയിലേക്ക് കുട്ടികളെ കൈപിടിച്ചുയർത്താൻ വിദ്യാലയത്തിന് കഴിയുന്നുണ്ട്. സമ്പന്നമായ രക്ഷാകർത്തൃ, പൂർവ്വവിദ്യാർത്ഥി പിൻബലവും, പൊതുസമൂഹത്തിന്റെ കൈത്താങ്ങും വിദ്യാലയത്തെ മുന്നോട്ടു നയിക്കുന്നതിന് ചാലകശക്തിയാകുന്നു. പഴയതെങ്കിലും പ്രൗഢമായ ഭൗതിക സാഹചര്യങ്ങളാണ് വിദ്യാലയത്തിനുള്ളത്. വൃക്ഷനിബിഡമായ അന്തരീക്ഷം ഏറെ കൊടുംവേനലിന്റെ കാഠിന്യംപോലും അറിയാതെ കുട്ടികൾക്ക് പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സഹായകമാകുന്നു. മികവുറ്റ ലാബ്, ഐ.ടി. ലാബ് സംവിധാനങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. കലാ-കായിക-ശാസ്ത്ര രംഗങ്ങളിൽ മികവുറ്റ നേട്ടങ്ങൾ കൈവരിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നു. ചെന്നൈയിൽ നടന്ന ദക്ഷിണേന്ത്യൻ സ്കൂൾ ശാസ്ത്രമേളയിൽ രണ്ടാം സ്ഥാനം നേടാൻ ഇവിടുത്തെ പ്രതിഭകൾക്ക് കഴിഞ്ഞു.

## സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Thrissur | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | N S H S S VALOOR |
| 2 | വിലാസം | CHERUVALOOR |
| 3 | ഫോൺ നമ്പർ | 04802730557 |
| 4 | ഇ-മെയിൽ വിലാസം | nshsvaloor@yahoo.com |
| 5 | സ്കൂൾ കോഡ് | 23064 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 5 അവസാനം: 10 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര ് | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Mala |
| 11 | വിദ്യാഭ്യാസ ജില്ല | Irinjalakuda |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1928 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Chalakudy |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Chalakudy * |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | Chalakudy |
| 17 | താലൂക്ക് | Chalakudy |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Kadukutty |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം )

## ആറാം അദ്ധ്യയനദിനം 10 ജൂൺ 2025

### വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലീം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | മറ്റുള്ളവ | | | എ. പി. ൽ | | | ബി. പി. ൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 1 | 7 | 7 | 14 | 1 | 1 | 2 | 0 | 0 | 0 | 2 | 1 | 3 | 0 | 1 | 1 | 3 | 3 | 6 | 1 | 1 | 2 | 4 | 5 | 9 | 3 | 2 | 5 |
| 6 | 1 | 14 | 5 | 19 | 6 | 2 | 8 | 0 | 0 | 0 | 2 | 0 | 2 | 2 | 1 | 3 | 3 | 1 | 4 | 1 | 1 | 2 | 7 | 1 | 8 | 7 | 4 | 11 |
| 7 | 1 | 8 | 10 | 18 | 3 | 6 | 9 | 0 | 0 | 0 | 1 | 0 | 1 | 1 | 1 | 2 | 2 | 2 | 4 | 1 | 1 | 2 | 2 | 2 | 4 | 6 | 8 | 14 |
| 8 | 2 | 28 | 25 | 53 | 5 | 8 | 13 | 0 | 0 | 0 | 4 | 2 | 6 | 3 | 2 | 5 | 10 | 7 | 17 | 6 | 6 | 12 | 16 | 8 | 24 | 12 | 17 | 29 |
| 9 | 2 | 21 | 26 | 47 | 6 | 9 | 15 | 0 | 0 | 0 | 2 | 3 | 5 | 0 | 0 | 0 | 10 | 8 | 18 | 3 | 6 | 9 | 8 | 10 | 18 | 13 | 16 | 29 |
| 10 | 2 | 25 | 22 | 47 | 9 | 6 | 15 | 0 | 0 | 0 | 2 | 4 | 6 | 4 | 4 | 8 | 4 | 5 | 9 | 6 | 3 | 9 | 10 | 11 | 21 | 15 | 11 | 26 |
| ആകെ | | 103 | 95 | **198** | 30 | 32 | 62 | 0 | 0 | 0 | 13 | 10 | 23 | 10 | 9 | 19 | 32 | 26 | 58 | 18 | 18 | 36 | 47 | 37 | 84 | 56 | 58 | 114 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

### മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **5** | 0 | 0 | 0 | 7 | 7 | 14 | 0 | 0 | 0 | 0 | 0 | 0 | 7 | 7 | 14 |
| **6** | 1 | 3 | 4 | 13 | 2 | 15 | 0 | 0 | 0 | 0 | 0 | 0 | 14 | 5 | 19 |
| **7** | 3 | 0 | 3 | 5 | 10 | 15 | 0 | 0 | 0 | 0 | 0 | 0 | 8 | 10 | 18 |
| **8** | 3 | 7 | 10 | 25 | 18 | 43 | 0 | 0 | 0 | 0 | 0 | 0 | 28 | 25 | 53 |
| **9** | 11 | 5 | 16 | 10 | 21 | 31 | 0 | 0 | 0 | 0 | 0 | 0 | 21 | 26 | 47 |
| **10** | 7 | 3 | 10 | 18 | 19 | 37 | 0 | 0 | 0 | 0 | 0 | 0 | 25 | 22 | 47 |
| ആകെ | 25 | 18 | 43 | 78 | 77 | 155 | 0 | 0 | 0 | 0 | 0 | 0 | 103 | 95 | **198** |

| ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി ഹിന്ദി | | |
| സ്റ്റാൻഡേർഡ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **5** | 2 | 0 | 2 | 5 | 7 | 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **6** | 5 | 4 | 9 | 9 | 1 | 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **7** | 5 | 0 | 5 | 3 | 10 | 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **8** | 6 | 7 | 13 | 22 | 18 | 40 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **9** | 9 | 18 | 27 | 12 | 8 | 20 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **10** | 11 | 12 | 23 | 14 | 10 | 24 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 38 | 41 | 79 | 65 | 54 | 119 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :

തീയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on June 10, 2025, 3:19 pm

# സ്കൂൾ ഓഫീസ് നവീകരണ പ്രവർത്തനങ്ങൾ

| പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ | കാലയളവ് | ചെലവ് | വരുമാനം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| ഓഫീസിന്റെ പ്രവർത്തനം സുമഗമാക്കുന്നതിന് കുറച്ചുകൂടി സ്ഥലസൗകര്യവും, കുറച്ചുകൂടി ഷെൽഫുകളോടു കൂടിയ സൗകര്യവും, കംപ്യൂട്ടർ വെയ്ക്കുന്നതിനുള്ള സൗകര്യവും ആവശ്യമാണ്. ടേബിൾ, വയറിംഗ് സംവിധാനം മുതലായവയും അത്യന്താപേക്ഷിതമാണ്. | 6 മാസം | ഉദ്ദേശം 50,000/- | മാനേജ്മെന്റ് സ്പോൺസർ ഷിപ്പ് | മാനേജ്മെന്റ് & സ്റ്റാഫ് | ഈ സൗകര്യങ്ങൾ നിലവിൽ വരുമ്പോൾ ഓഫീസ് പ്രവർത്തനം കുറച്ചുകൂടി സൗകര്യ പ്രദമാകും. |

# NSHS VALOOR - 23064 STAFF PHONE NUMBERS (HS)

| | | | |
|---|---|---|---|
| 1 | MANOJKUMAR K. | HEADMASTER | 9745553330 |
| 2 | NIRUPAMA N | H S A (MALAYALAM) | 7306216146 |
| 3 | SINDHU N. | H S A (MATHEMATICS) | 9895171753 |
| 4 | SREEJA K. | H S A (PHYSICAL SCIENCE) | 9495026498 |
| 5 | ASWATHY MOHAN | H S A (SANSKRIT) | 9747171733 |
| 6 | MANJUSHA V. | H S A (NATURAL SCIENCE) | 9946135553 |
| 7 | RAMYA P.G. | H S A (ENGLISH) | 9446511190 |
| 8 | JEENA K.S. | H S A (HINDI) | 9562139946 |
| 9 | AMEER JINNA | H S A (SOCIAL SCIENCE) | 9496684107 |
| 10 | DIVYA K.N. | UPSA | 9048939257 |
| 11 | JAYASRI P.B. | UPSA | 9048146970 |
| 12 | AMRITHA RAMACHANDRAN | UPSA | 9497629422 |
| 13 | SANKARANARAYANAN A.S. | CLERK | 9447476909 |
| 14 | BABURAJ V.K. | OFFICE ATTENDANT | 8457094135 |
| 15 | AJAYAN T.H. | OFFICE ATTENDANT | 9747169908 |
| 16 | DEEPA O.K. | F T M | 9048528593 |

# മലയാളം (UP)

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ഗുണഭോക്താക്കൾ | കാലയളവ് | ചുമതല | പ്രവർത്തനങ്ങൾ | പ്രവർത്തനോപാധികൾ | നിരന്തരം മൂല്യനിർണ്ണയം |
|---|---|---|---|---|---|---|---|
| 1 | മലയാളം തെറ്റുകൂടാതെ വായിക്കാനുള്ള പ്രാവീണ്യം നൽകൽ. തുടർന്ന് എഴുതാനും പ്രാപ്തരാക്കൽ. | 5, 6, 7 ക്ലാസ്സുകളിൽ വായനയിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ | 6 മാസം (വായന)<br>4 മാസം (എഴുത്ത്) | ഭാഷാദ്ധ്യാപകർ | ചിത്രകഥാ പുസ്തകങ്ങൾ നോക്കി കഥ പറയാൻ ആവശ്യപ്പെടുന്നു. ബഡ്ഡീസ് കഥ വായിക്കുന്നു. ശരിയായോ എന്ന് വിലയിരുത്തുന്നു. കഥയിലെ പ്രത്യേക വാക്കുകൾ പിന്നോക്കക്കാർ അടിവരയിടുന്നു. പിറ്റേദിവസം ബോർഡിൽ എഴുതിപ്പിക്കുന്നു, പറയിപ്പിക്കുന്നു. കഥകളിൽ താൽപ്പര്യം വർദ്ധിപ്പിക്കുകവഴി വായനാശീലം വളർത്താൻ സാധിക്കും. അതുവഴി തെറ്റുകൂടാതെ എഴുതാനും സാധിക്കും. | ചിത്രകഥകൾ, വായന, ശേഖരണം, ചർച്ചകൾ, ആശയ അവതരണം | വായന, എഴുത്ത്, ആശയ ആവിഷ്ക്കരണം |
| 2 | പത്രത്തിന്റെ അടിസ്ഥാന രൂപ മാതൃകയെ തിരിച്ചറിഞ്ഞ് സ്വയം വാർത്തകൾ നിർമ്മിക്കാനും ആ ശൈലിയിൽ വായന നടത്തുവാനും പ്രാപ്തരാക്കുക. | 5, 6 , 7 ക്ലാസ്സുകളിലെ കുട്ടികൾ | 1 വർഷം | ഭാഷാദ്ധ്യാപകർ | പത്രവായന, വാർത്താ ബോർഡ് തയ്യാറാക്കൽ, പത്രക്കുറിപ്പുകൾ ശേഖരണം. | വിവിധ പത്രങ്ങൾ, ചർച്ചകൾ, വാർത്താ ബുള്ളറ്റിൻ ബോർഡ് | വായന, സംഘപ്രവർത്തനം, ആശയാവിഷ്കരണം, ശേഖരണം |

## ഭാഷാശേഷി വികസനം – മലയാളം (HS)

| ലക്ഷ്യം | പ്രവർത്തനം | ഗുണഭോക്താവ് | കാലയളവ് |
|---|---|---|---|
| ഭാഷ ഒഴുക്കോടെ കൈകാര്യം ചെയ്യാനുള്ള ശേഷി വികസിപ്പിക്കൽ. | 1. സ്കൂൾ റേഡിയോ പ്രവർത്തനം<br>2. പത്രപാരായണ മത്സരം<br>3. പ്രഭാഷണ മത്സരം<br>4. സംവാദ പരമ്പര | 8 മുതൽ 10 വരെയുള്ള കുട്ടികൾ | 1 വർഷം |
| തെറ്റുകൂടാതെ വായിക്കാൻ സാധിക്കുക. | 1. ക്ലാസ്തല ലൈബ്രറി നവീകരണം<br>2. വായനക്കൂട്ടം<br>3. പത്രവാർത്ത അവതരിപ്പിക്കൽ<br>4. വായനാമത്സരം<br>5. റീഡിംഗ് റൂം<br>6. വായനോത്സവം | 5 മുതൽ 10 വരെയുള്ള കുട്ടികൾ | 1 വർഷം |
| സർഗ്ഗശേഷി വികസനം | 1. രചനാ ശില്പശാലകൾ<br>2. ക്ലാസ്തല, സ്കൂൾതല മാഗസിൻ<br>3. സാഹിത്യകാരുമായുള്ള സംവാദം<br>4. ചുമർ പത്രികകൾ | 8 മുതൽ 10 വരെയുള്ള കുട്ടികൾ | 1 വർഷം |

# സംസ്കൃതം (UP)

## പൊതുവായ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും സംസ്കൃതഭാഷ വായിക്കുവാനും, എഴുതുവാനും, കേൾക്കുവാനുമുള്ള കഴിവ് വളർത്തി എടുക്കുന്നു.
- സംസ്കൃതം പ്രയോഗപഥത്തിൽ കൊണ്ടുവരുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| സംസ്കൃതഭാഷ വായിക്കുവാനും, എഴുതുവാനും, കേൾക്കുവാനുമുള്ള അവസരം. | • ചുമരുകൾ സംസ്കൃതാക്ഷരങ്ങൾ, മഹത്വാക്യങ്ങൾ, ചിത്രങ്ങൾ ഇവ കൊണ്ട് സമ്പന്നമാക്കുന്നു.<br>• അക്ഷരങ്ങൾ എഴുതേണ്ട രീതി എന്തെന്ന് സ്ക്രീനിൽ നോക്കി പഠിക്കുകയും അത് അനുവർത്തിക്കുകയും ചെയ്യുന്നു.<br>• അക്ഷരങ്ങളുടെ ഉച്ചാരണം കേട്ട് അതുപോലെ ഒറ്റയ്ക്കും, കൂട്ടമായും ഉച്ചരിക്കുന്നു.<br>• 'സംഖ്യ' കളികളിലൂടെ പറയുവാനും വായിക്കുവാനും പിന്നീട് എഴുതുവാനും തുടങ്ങുന്നു. | ജൂൺ മുതൽ<br>"<br>"<br>" | അധ്യാപിക |
| സംസ്കൃതഭാഷ മാതൃഭാഷ പോലെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. | • പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ, നാടകം, സംസ്കൃത ഷോർട്ട് ഫിലിം, സിനിമ ഇവ കാണാനുള്ള അവസരം ഒരുക്കുന്നു.<br>• സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുവാൻ അവസരം ഒരുക്കുന്നു.<br>• സംസ്കൃതോത്സവ ഇനങ്ങൾ കാണുവാനും, കേൾക്കുവാനും അവസരം ഒരുക്കുന്നു. തദ്വാരാ അതിൽ പങ്കുചേരുന്നതിനുള്ള താല്പര്യം ജനിപ്പിക്കുന്നു. | ജൂൺ മുതൽ<br>"<br>" | |
| ദിനാചരണങ്ങൾ നടത്തുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ രചന, കവിതാലാപനം അവതരിപ്പിക്കുവാൻ അവസരം ഒരുക്കുന്നു. | ജൂൺ മുതൽ | |
| കുട്ടികളിൽ വാർത്ത, തിരക്കഥ, സംഭാഷണം, നാടകം തുടങ്ങിയവ തയ്യാറാക്കുവാനുള്ള ശേഷി ഉണ്ടാക്കുന്നു. | ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തയ്യാറാക്കുവാനും, അവതരിപ്പിക്കുവാനും അവസരം ഒരുക്കുന്നു. | ജൂൺ മുതൽ | |

# സംസ്കൃതം (HS)

## പൊതുവായ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും സംസ്കൃതഭാഷ വായിക്കുവാനും, എഴുതുവാനും, കേൾക്കുവാനുമുള്ള കഴിവ് വളർത്തി എടുക്കുന്നു.
- സംസ്കൃതം പ്രയോഗപദത്തിൽ കൊണ്ടുവരുന്നു.
- കയ്യെഴുത്തുമാസിക തയ്യാറാക്കൽ
- അസംബ്ലികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| സംസ്കൃതഭാഷ മാതൃഭാഷ പോലെ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെടുത്തി വീഡിയോ, ഷോർട്ട് ഫിലിം, സിനിമ ഇവ കാണുവാനുള്ള അവസരം ഒരുക്കുന്നു. | 1 വർഷം | അധ്യാപിക |
| സംസ്കൃതം പ്രയോഗപദത്തിൽ കൊണ്ടുവരുന്നു. | • സുഭാഷിതങ്ങൾ സംഘമായും ഒറ്റക്കും ആലപിക്കുന്നു. സ്കൂൾ അസംബ്ലിയിൽ അവതരിപ്പിച്ച് ആശയം വിശദീകരിക്കുന്നു. | 1 വർഷം | |
| | • പാഠഭാഗങ്ങൾ നാടകരൂപത്തിൽ അവതരിപ്പിക്കുന്നു. | " | |
| | • നാമവും ക്രിയയും വിശേഷണവും ചേർത്ത് വാചകങ്ങൾ ഉണ്ടാക്കി പരസ്പരം വിനിമയം ചെയ്യുന്നു. | " | |
| | • സംസ്കൃത മാസികകൾ വായിച്ച് ഇഷ്ടപ്പെട്ട ഭാഗം ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | " | |
| | • സംസ്കൃതോത്സവ ഇനങ്ങൾ കാണുവാനും കേൾക്കുവാനും അവസരം ഒരുക്കുന്നു. തദ്വാരാ അതിൽ പങ്കുചേരുന്നതിനുള്ള താല്പര്യം ജനിപ്പിക്കുന്നു. | " | |
| കുട്ടികളിൽ വാർത്ത, തിരക്കഥ, സംഭാഷണം, നാടകം തുടങ്ങിയവ തയ്യാറാക്കുവാനുള്ള ശേഷി ഉണ്ടാക്കുന്നു. | പ്രവർത്തനങ്ങൾ തയ്യാറാക്കുവാനും അവതരിപ്പിക്കുവാനും അവസരം ഒരുക്കുന്നു. | 1 വർഷം | അധ്യാപിക |

# ഹിന്ദി (UP)

## പൊതുവായ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലേയും പഠന നേട്ടങ്ങൾ നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5, 6, 7 ക്ലാസ്സുകളിൽ ഹിന്ദി അക്ഷരബോധം ഉറപ്പിക്കൽ. | ഹിന്ദി കവിതകളിലൂടെ അക്ഷരങ്ങൾ പഠിക്കുന്നു. ചിത്രങ്ങൾ, അക്ഷരമാല, ചാർട്ട് തുടങ്ങിയവ കുട്ടികളെ കാണിക്കുന്നു. ഓരോ കുട്ടിയും ഡിക്ഷണറി തയ്യാറാക്കുന്നു. | ജൂൺ ഫെബ്രുവരി | ഹിന്ദി അധ്യാപിക | |
| **ഹിന്ദി വായന** തെറ്റുകൂടാതെ വായിക്കാൻ പ്രാപ്തരാക്കുന്നു. | പാഠപുസ്തകവും, ചിത്രകഥകളും നൽകിയും, സുരീലി പ്രവർത്തനങ്ങളിലൂടെയും കുട്ടികളെ വായിക്കാൻ പ്രാപ്തരാക്കുന്നു. | ജൂൺ ഫെബ്രുവരി | ഹിന്ദി അധ്യാപിക | |
| **ഹിന്ദി സംസാരം** കൂടുതൽ ഭാഷയുമായി അടുക്കാനും നിത്യജീവിതത്തിൽ പരിചയമുള്ള എല്ലാറ്റിനും ഹിന്ദിയിൽ പറയാനും ചോദിക്കാനും പ്രാപ്തരാക്കുന്നു. | എല്ലാ കുട്ടികളെയും ആൽബം ഉണ്ടാക്കാൻ നിർദ്ദേശിക്കുന്നു. (പച്ചക്കറികൾ, മൃഗങ്ങൾ, പക്ഷികൾ, മരങ്ങൾ, ക്രിയകൾ തുടങ്ങിയ) കുട്ടികൾ ചെയ്യുന്ന പ്രവർത്തനങ്ങൾ എല്ലാ അവരുടെ ആൽബത്തിൽ ഒട്ടിക്കാൻ നിർദ്ദേശിക്കുന്നു.<br>ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി ഉണ്ടാക്കുന്നു. | ജൂൺ ഫെബ്രുവരി | ഹിന്ദി അധ്യാപിക | |
| ഭിന്നശേഷി കുട്ടികൾക്കും പരിഗണന നൽകി പ്രവർത്തനങ്ങൾ നൽകുന്നു. | അക്ഷരങ്ങളും വാക്കുകളും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

# ഹിന്ദി (HS)

## പൊതുവായ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലേയും പഠന നേട്ടങ്ങൾ നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വളർത്തുന്നു. | അസംബ്ലി പ്രവർത്തനങ്ങൾ, വായന, കവിതാലാപനം, വാർത്തകൾ, പത്രം തുടങ്ങിയവയ്ക്ക് കൂടുതൽ അവസരം. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | |
| മാതൃഭാഷ പോലെ ഹിന്ദിയും കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യകാരന്മാർ, അവരുടെ രചനകൾ, സിനിമകൾ എന്നിവ കാണാൻ കൂടുതൽ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | |
| പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. വായിക്കാനും എഴുതാനും പ്രാപ്തരാക്കുന്നു. | • അക്ഷരമാല കാർഡുകൾ ഉണ്ടാക്കിക്കുന്നു.<br>• അക്ഷരവൃക്ഷം ഉണ്ടാക്കുന്നു. | ജൂൺ-ജൂലൈ | ഹിന്ദി അധ്യാപിക | |
| ആഴ്ചകൾ, മൃഗങ്ങൾ, പക്ഷികൾ, മരങ്ങൾ തുടങ്ങിയവ ഹിന്ദിയിൽ പരിചിതമാകുന്നതിനായി ആൽബം തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു. | മാതൃക തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | ജൂൺ-ഡിസംബർ | ഹിന്ദി അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ പോസ്റ്ററുകൾ, മുദ്രാവാക്യം എന്നിവ തയ്യാറാക്കാൻ പ്രാപ്തരാക്കുന്നു. | പോസ്റ്റർ രചനാമത്സരങ്ങൾ നടത്തുന്നു. മികച്ചവയ്ക്ക് സമ്മാനം, എല്ലാ കുട്ടികളുടെയും പോസ്റ്റർ പ്രദർശനം. | ജൂൺ-ജനുവരി | അധ്യാപിക | |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെ ഭാഷാ വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | സ്റ്റിക്കറുകളുടെ അവതരണം - പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് സംഭാഷണങ്ങൾ തയ്യാറാക്കി സ്കിറ്റ് രൂപത്തിൽ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ | അധ്യാപിക | |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി ദിനം മികച്ച രീതിയിൽ നടത്തുക. ദിനാചരണങ്ങൾ നടത്തുക. | കവിത ആലാപനം, പോസ്റ്റർ, രചന, പ്രസംഗം, നൃത്താവിഷ്കാരം തുടങ്ങിയവ നടത്തുക. | ജൂൺ മുതൽ | അധ്യാപിക | |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി ദിനം മികച്ച രീതിയിൽ നടത്തുക. ദിനാചരണങ്ങൾ നടത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ദിനാചരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിക്കുന്നു. തയ്യാറാക്കിയ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും മികച്ചവ തിരഞ്ഞെടുത്ത് മാഗസിൻ തയ്യാറാക്കുന്നു. | ജൂൺ ഫെബ്രു-വരി | അധ്യാപിക | |

# ENGLISH (UP)

| Objective | Activities | Duration | Responsibility | Finance |
|---|---|---|---|---|
| Listening | **<u>June - July</u>**<br>**<u>Listening : Skill</u>**<br>● To enable the students to understand common instructions / basic conversation, simple stories, news, etc.<br>● Teacher presents audios and videos according to the situations/ conversations.<br>**<u>Listen and Repeat</u>**<br>Simple dialogues are given. Students repeat the same.<br>● Listen and draw<br>● News broadcast | June - July | English Teacher | Staff Fund |
| Speaking | **<u>August - September</u>**<br>**<u>Speaking : Skill</u>**<br>● Self introduction<br>● Interview a partner<br>● Show and tell<br>● Book Talks<br>● Conversation / Story telling | August - September | English Teacher and Class Teacher | Staff Fund |

| Objective | Activities | Duration | Responsibility | Finance |
|---|---|---|---|---|
| Reading | **October - November - December**<br>**Reading : Skill**<br>● Read Aloud<br>* Paired reading<br>* Chain reading<br>* Echo reading<br>● Book Clubs<br>● News Reading | October - November and December | English Teacher | |
| Writing | **January - February**<br>**Writinging : Skill**<br>● Word association games<br>● Descriptive writing<br>● Story starters<br>● Diary entry<br>● Wish cards | January and February | English Teacher | |

# ENGLISH (HS)

| Objective | Activities | Duration | Responsibility | Finance |
|---|---|---|---|---|
| Englishൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | English Assembly<br>English corner story time | Weekly once<br>ശനിയാഴ്ചകൾ | P T A, Teacher | P T A, Management |
| Englishലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Cinema and Documentary - Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>Role Play, English Day ആചരണം, Seminar, പ്രശസ്തരായ English കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് Choreograph തയ്യാറാക്കി Club അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | Class Room പ്രവർത്തനങ്ങളോടൊപ്പം<br>Academic Year | Teacher, SRG | English Club, Management |
| സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.<br>സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | ചിത്രവായന, Comics നിർമ്മാണം, Public Speaking, പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competition. | Class Room പ്രവർത്തനങ്ങൾ | English Club | Parents |
| നാടകീകരണം | English Assembly, Skit, Puppet Show.<br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet, Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | Class Room പ്രവർത്തനങ്ങൾ | English Club | Parents |

## അടിസ്ഥാനശാസ്ത്രം (UP)

| പ്രശ്നങ്ങൾ | ഗുണഭോക്താക്കൾ | കാലയളവ് | സാമ്പത്തികം | ഏജൻസി | വിലയിരുത്തൽ | റിമാർക്സ് |
|---|---|---|---|---|---|---|
| പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളിൽ താൽപ്പര്യം ഉണ്ടാക്കുന്നതിന് | പൂന്തോട്ട നിർമ്മാണം, പച്ചക്കറി കൃഷി, സസ്യ നിരീക്ഷണം | 5 മാസം | 2,000/- | ശാസ്ത്ര അധ്യാപകർ, പി.ടി.എ. | പൂന്തോട്ടം, പച്ചക്കറിത്തോട്ടം രേഖപ്പെടുത്തലുകൾ | |
| ശാസ്ത്രാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് | പരീക്ഷണങ്ങൾ, പ്രോജക്ടുകൾ, ശാസ്ത്രമേളകൾ, ഫീൽഡ് ട്രിപ്പ്, സെമിനാറുകൾ | 5 മാസം | 15,000/- | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്, പി.ടി.എ. | പരീക്ഷണ കുറിപ്പുകൾ, മേളയിലെ പങ്കാളിത്തം, റിപ്പോർട്ടുകൾ | |

# Std. VIII : Physics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| യൂണിറ്റുകളെക്കുറിച്ച് കൃത്യമായ ധാരണ കൈവരിക്കൽ. | മുൻകാലങ്ങളിൽ നമ്മുടെ നാട്ടിൽ ഉപയോഗിച്ചിരുന്ന യൂണിറ്റുകളും ഇപ്പോൾ നിലവിലുള്ള യൂണിറ്റുകളും ഏതൊക്കെയെന്ന് കണ്ടെത്തി സ്ലൈഡ് പ്രസന്റേഷൻ തയ്യാറാക്കുന്നു. | 7 ദിവസം | ഫിസിക്സ് അധ്യാപിക | |
| റോഡപകടങ്ങൾ ഒഴിവാക്കുക. | റോഡപകടങ്ങൾ കുറയ്ക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് സെമിനാർ അവതരിപ്പിക്കുന്നു. | 5 ദിവസം | ഫിസിക്സ് അധ്യാപിക | |
| അന്തരീക്ഷമർദ്ദം, മഴ, കാറ്റ് ഇവ തമ്മിലുള്ള ബന്ധം തിരിച്ചറിയുക. | മഴയും മർദ്ദവും എന്ന വിഷയത്തിൽ പ്രോജക്ട് തയ്യാറാക്കുക. | 7 ദിവസം | ഫിസിക്സ് അധ്യാപിക | |

# Std. IX : Physics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രിസങ്ങളുടെ ഉപയോഗങ്ങൾ പരിചയപ്പെടുക. | പ്രിസങ്ങൾ, കാർഡ്ബോർഡ് എന്നിവ ഉപയോഗിച്ച് പെരിസ്കോപ്പ് നിർമ്മിക്കുക. | 3 ദിവസം | ഫിസിക്സ് അധ്യാപിക | |
| റോഡപകടങ്ങളെക്കുറിച്ച് ബോധവാന്മാരാകുക. | അമിതവേഗം മൂലമുണ്ടാകുന്ന വാഹനാപകടങ്ങൾ എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. ക്ലാസ്സിലേക്ക് ആവശ്യമായ സ്ലൈഡുകൾ നിർമ്മിക്കുന്നു. | 5 ദിവസം | ഫിസിക്സ് അധ്യാപിക | |
| ആവേഗം എന്ന ആശയം വ്യക്തമായി മനസ്സിലാക്കുക. | വാഹനങ്ങളിലെ ഷോക്ക് അബ്സോർബർ, നമ്മുടെ നട്ടെല്ലിലെ ഡിസ്ക്കുകൾ എന്നിവയുടെ പ്രവർത്തനം വിശദീകരിക്കാൻ ആവേഗം എന്ന ആശയം എങ്ങനെ പ്രയോജനപ്പെടുന്നു - റിപ്പോർട്ട്. | 7 ദിവസം | ഫിസിക്സ് അധ്യാപിക | |

## Std. X : Physics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അൾട്രാസോണിക് ശബ്ദതരംഗങ്ങളെക്കുറിച്ച് ധാരണ കൈവരിക്കുന്നു. | അൾട്രാസോണിക് ശബ്ദതരംഗങ്ങളും അവയുടെ ഉപയോഗങ്ങളും എന്ന വിഷയത്തിൽ സെമിനാർ. | 3 ദിവസം | ഫിസിക്സ് അധ്യാപിക | |
| ലെൻസുകളുടെ ഉപയോഗങ്ങൾ തിരിച്ചറിയുന്നു. | വിവിധതരം ഉപകരണങ്ങളിൽ ഉപയോഗിക്കുന്ന ലെൻസുകൾ ഏതൊക്കെ എന്ന് കണ്ടെത്തി കുറിപ്പെഴുതുന്നു. | 3 ദിവസം | ഫിസിക്സ് അധ്യാപിക | |
| ആകാശത്തിൽ കാണപ്പെടുന്ന വിവിധ നിറങ്ങൾ രൂപപ്പെടുന്നതെങ്ങനെ എന്ന് തിരിച്ചറിയുന്നു. | വിസരണം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ലേഖനം തയ്യാറാക്കുന്നു. | 3 ദിവസം | ഫിസിക്സ് അധ്യാപിക | |

# Std. VIII : Chemistry

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമുക്കു ചുറ്റും നടക്കുന്ന മാറ്റങ്ങളുടെ രസതന്ത്രം തിരിച്ചറിയുക. | വിവിധതരം രാസപ്രവർത്തനങ്ങൾ കണ്ടെത്തി അവ ഏത് വിഭാഗത്തിൽപ്പെടുന്നു എന്ന് തിരിച്ചറിയുക. | 5 ദിവസം | കെമിസ്ട്രി അധ്യാപിക | |
| തൻമാത്രകൾ എന്തെന്ന് തിരിച്ചറിയുക. | $CCl_4$, $NH_3$, $H_2O$ ഇവയുടെ മാതൃകകൾ പരിസരത്തുനിന്ന് ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുക. | 5 ദിവസം | കെമിസ്ട്രി അധ്യാപിക | |
| സസ്യശരീരത്തിൽ ലോഹങ്ങൾ അടങ്ങിയിട്ടുണ്ട് എന്ന് കണ്ടെത്തുക. | സസ്യശരീരത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന ലോഹങ്ങളും അവയുടെ ധർമ്മവും അടങ്ങുന്ന വിവരങ്ങൾ ശേഖരിച്ച് ശാസ്ത്രലേഖനം തയ്യാറാക്കുക. | 7 ദിവസം | കെമിസ്ട്രി അധ്യാപിക | |

## Std. IX : Chemistry

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആറ്റത്തിന്റെ കണ്ടുപിടുത്തത്തിലേക്ക് നയിച്ച ശാസ്ത്രജ്ഞരെ അറിയിക്കുക. | ആറ്റം ചരിത്രവുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞരെക്കുറിച്ചും അവരുടെ സംഭാവനകളെക്കുറിച്ചും പ്രസന്റേഷൻ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക. | 5 ദിവസം | കെമിസ്ട്രി അധ്യാപിക | |
| മൂലകങ്ങളും അവയുടെ പ്രതീകങ്ങളെക്കുറിച്ചും അറിവ് നേടുക. | ആധുനിക പിരിയോഡിക് ടേബിളിന്റെ മാതൃക വരച്ച് ക്ലാസ്സിൽ പ്രദർശിപ്പിക്കുക. | 5 ദിവസം | കെമിസ്ട്രി അധ്യാപിക | |
| സംയുക്തങ്ങൾ രൂപപ്പെടുന്നവിധം തിരിച്ചറിയുക. | വ്യത്യസ്ത സംയുക്തങ്ങളിലെ രാസബന്ധനം ചാർട്ടിൽ പ്രദർശിപ്പിക്കുക. | 3 ദിവസം | കെമിസ്ട്രി അധ്യാപിക | |

# Std. X : Chemistry

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഐസോമെറിസം എന്തെന്ന് തിരിച്ചറിയുക. | ഐസോമെറിസത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | 3 ദിവസം | കെമിസ്ട്രി അധ്യാപിക | |
| നാം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളെപ്പറ്റി ധാരണ കൈവരിയ്ക്കുക. | 'പോളിമെറുകൾ നിത്യജീവിതത്തിൽ' എന്ന വിഷയത്തിൽ സെമിനാർ അവതരണം. | 5 ദിവസം | കെമിസ്ട്രി അധ്യാപിക | |
| വിവിധ ഓർബിറ്റലുകളുടെ ആകൃതിയെക്കുറിച്ച് ധാരണ കൈവരിക്കുന്നു. | വിവിധ ഓർബിറ്റലുകളുടെ ആകൃതിയെ സംബന്ധിച്ച് സ്ലൈഡ് ഷോ തയ്യാറാക്കുക. | 3 ദിവസം | കെമിസ്ട്രി അധ്യാപിക | |

## ജീവശാസ്ത്രം (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനിതകശാസ്ത്രത്തിലെ നൂതന ആശയങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക. | ജനിതകശാസ്ത്രവുമായി ബന്ധപ്പെട്ട് പുതിയ വാർത്തകൾ മാധ്യമങ്ങളിൽ നിന്നും ശേഖരിക്കുക. ശേഖരിച്ച വാർത്തകളുടെ പ്രദർശനം സംഘടിപ്പിക്കുക. ജനിതക ശാസ്ത്ര വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക. | 1 വർഷം | സയൻസ് ക്ലബ്ബ്, സയൻസ് അധ്യാപിക | പി.ടി.എ. |
| ശാസ്ത്ര ലൈബ്രറി തയ്യാറാക്കുക. | ജനിതകശാസ്ത്രം, പരിണാമം, കോശവിജ്ഞാനീയം, പരിസ്ഥിതി പഠനം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറി സജ്ജമാക്കുന്നു. | 1 വർഷം | സയൻസ് അധ്യാപിക | പി.ടി.എ., രക്ഷിതാക്കൾ |
| ജീവശാസ്ത്രത്തിന് മറ്റ് വിഷയങ്ങളുമായുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കുക. | പാഠഭാഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ മറ്റു വിഷയങ്ങളുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | 1 വർഷം | സയൻസ് അധ്യാപിക | പി.ടി.എ., മാനേജ്മെന്റ് |
| ശാസ്ത്ര മൂലകൾ തയ്യാറാക്കുക. | സ്കൂൾ ക്യാമ്പസിൽ വിവിധ ജീവശാസ്ത്ര മോഡലുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുക. | 1 വർഷം | സയൻസ് അധ്യാപിക | പി.ടി.എ., മാനേജ്മെന്റ് |
| പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തിയെടുക്കുക. | പച്ചക്കറിത്തോട്ടം നിർമ്മിച്ചുകൊണ്ട് കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നു. പ്ലാസ്റ്റിക് നിരോധിത മേഖലയാക്കി സ്കൂൾ പരിസരം മാറ്റിയെടുക്കുന്നു. | 1 വർഷം | പരിസ്ഥിതി ക്ലബ്ബ് | പി.ടി.എ. |
| ആരോഗ്യ സംരക്ഷണത്തിൽ ബോധവാന്മാരാക്കുക. | വർഷത്തിലൊരിക്കൽ കുട്ടികൾക്ക് ഹെൽത്ത് ചെക്കപ്പ് നടത്തുന്നു. ആരോഗ്യ വിദഗ്ധരുമായി സംഭാഷണത്തിന് അവസരം നൽകുന്നു. ആരോഗ്യ സെമിനാറുകൾ സംഘടിപ്പിക്കുന്നു. | 1 വർഷം | സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | പി.ടി.എ. |
| | ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | 1 വർഷം | വിമുക്തി ക്ലബ്ബ് | |
| പുതിയ ശാസ്ത്രീയ കണ്ടെത്തലുകളിലേക്ക് കുട്ടികളെ നയിക്കുക. | YIP, SIM, സ്കൂൾ ശാസ്ത്രമേള എന്നിവയിൽ പങ്കെടുക്കാൻ അവസരം നൽകുന്നു. Start up കമ്പനികൾ സന്ദർശിക്കാൻ അവസരം കൊടുക്കുന്നു. | 1 വർഷം | സയൻസ് അധ്യാപിക | പി.ടി.എ., മാനേജ്മെന്റ് |

# സാമൂഹ്യശാസ്ത്രം (UP)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സോഷ്യൽ സയൻസ് ലാബ് - സാമൂഹ്യ ശാസ്ത്ര പഠനം എളുപ്പമാക്കുന്നതിന് | സോഷ്യൽ സയൻസ് ലാബ് സജ്ജീകരിക്കാൻ ആവശ്യമായ സ്ഥലം നിശ്ചയിക്കുന്നു. ലാബിലേക്ക് ആവശ്യമായ Maps, Atlas, Glob എന്നിവ ഒരുക്കുന്നു. | 5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾ | 1 വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, പി.ടി.എ., എസ്.ആർ.ജി. | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുക. | സിവിൽ സർവ്വീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടുംവിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരംകൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | 5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾ | 1 വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, പി.ടി.എ., എസ്.ആർ.ജി. | |

# സാമൂഹ്യശാസ്ത്രം (HS)

**History-Focused Activities :**

- **Chronological Ordering and Timelines:** Similar to connecting years with vehicle numbers, students can create detailed timelines of historical events, incorporating images, short descriptions, and relevant figures to understand sequential order and cause-and-effect relationships.
- **Primary Source Analysis :** Activities involving the analysis of historical documents, letters, diaries, and photographs help students interpret the past directly.
- **Role-Playing and Historical Reenactments :** Students can role-play historical figures or events, such as debates on significant historical decisions, to foster empathy and a deeper understanding of perspectives.For teaching the chapter humanism this is a crucial activity.
- **Historical Site Visits/Virtual Tours :** Field visits to historical sites or virtual tours can provide a tangible connection to the past, making history more immersive.
- **"Living History" Projects :** Students can research and present on a specific historical period, embodying the lives of people from that era through costumes, presentations, and even food.

**Geography-Focused Activities :**

- **Mapping Activities :** Extensive use of physical and political maps, including labeling countries, capitals, major physical features, and understanding scales and symbols. This can involve creating their own maps for specific regions or themes.
- **Field Visits and Exhibitions :** Organizing field visits to study local geography, landforms, and resource utilization, as well as exhibitions of different types of maps, charts, and atlases.
- **GIS (Geographic Information Systems) Introduction :** For older students, introducing basic GIS concepts to analyze spatial data and understand geographical patterns.
- **Environmental Studies Projects :** Connecting geography to contemporary issues like resource conservation, climate change, and sustainable development through research projects and discussions.
- **"Sense of Place" Activities :** Students can analyze how geographical features influence culture, economy, and daily life in different regions.

**Economics-Focused Activities :**

- **Classroom as an Economic Institution :** As suggested, treating the classroom as an economic institution where students coordinate functions, perhaps by managing classroom resources, creating a "classroom currency," or simulating market interactions.
- **Budgeting and Financial Literacy Simulations :** Activities that involve creating personal or household budgets, understanding basic financial concepts, and simulating economic decision-making scenarios.

- **Case Studies of Economic Issues :** Analyzing real-world economic issues such as poverty, food security, and economic inequality, examining causes and potential solutions.
- **Debates on Economic Policies :** Engaging in discussions and debates on current economic policies or historical economic events to understand different perspectives and their impacts.
- **"Supply and Demand" Games :** Interactive games or simulations to illustrate fundamental economic principles like supply, demand, and market equilibrium.

**Political Science-Focused Activities :**

- **Mock Parliament Sessions/Debates :** Organizing mock parliament sessions or debates on current political scenarios and issues, allowing students to understand legislative processes and different political ideologies.
- **Constitution Studies :** Detailed study of the Indian Constitution, including fundamental rights, duties, and the functioning of democratic institutions. This can involve role-playing scenarios related to constitutional principles.
- **Civic Engagement Projects :** Encouraging students to research local governance, understand civic responsibilities, and propose solutions to community problems.
- **Analyzing Political Cartoons and Speeches :** Developing critical thinking skills by analyzing political cartoons, speeches, and media reports to identify bias and different viewpoints.
- **Electoral Process Simulations :** Simulating elections within the classroom to understand the voting process, candidate selection, and the role of citizens in a democracy.

**General Cross-Disciplinary Activities :**

- **Newspaper Analysis :** Daily use of newspaper cuttings to enhance general awareness about world events, connecting current affairs to historical, geographical, economic, and political contexts.
- **Research Projects :** Assigning interdisciplinary research projects that require students to draw information from various social science disciplines to analyze complex issues.
- **Debates and Group Discussions :** Fostering critical thinking and communication skills through regular debates and discussions on relevant social science topics.
- **Social Science Club Activities :** Encouraging students to showcase their skills and talents through club activities that combine different social science aspects.

  All this activities should be taken in to consideration to uplift the weaker and average students as much as possible .

# ഗണിതം (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ ആയ സങ്കലനം, വ്യവകലനം, ഗുണിതം, ഹരണം എന്നിവ ഉറപ്പു വരുത്തൽ | **ഗണിത ശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാ ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (ഒരു സംഖ്യ അധ്യാപിക പറഞ്ഞത്) അടുത്ത സംഖ്യ കുട്ടികൾ പറയുന്ന രീതി, നമ്പർ കാർഡ്, മുത്തുകൾ, നാണയങ്ങൾ എന്നിവ ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| രസകരമായ ഗണിത പഠനവും കരചലനശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല**<br>ഒറിഗാമി പേപ്പർ ഉപയോഗിച്ചുകൊണ്ടുള്ള രൂപ നിർമ്മാണം. ഇതിലൂടെ വിവിധ ആകൃതികളെക്കുറിച്ച് അറിയാൻ കഴിയുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിത മേഖലയിൽ താല്പര്യം വർദ്ധിപ്പിക്കുക. | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരേയോ മറ്റ് മേഖലയിലുള്ളവരെയോ കൊണ്ട് ക്ലാസ് നൽകൽ | വർഷത്തിൽ 5 തവണ | ഗണിത അധ്യാപകർ, ക്ലബ് അംഗങ്ങൾ/ ലീഡർ, മറ്റു മേഖലകളിൽ പ്രവർത്തിക്കുന്നവർ | ഗണിത ക്ലബ്, PTA |
| ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകൾ**<br>ജ്യാമിതീയ രൂപങ്ങൾ വരയ്ക്കാനും, ചതുഷ്ക്രിയകൾ ചെയ്യാനും, ടാൻഗ്രാം പ്രവർത്തനങ്ങൾ നൽകിയും കുട്ടികൾക്ക് ഗണിതമേഖലയോട് താല്പര്യം വളർത്തുവാനും എളുപ്പത്തിൽ ഗ്രഹിക്കുവാനും കഴിയുന്നു. | മാസത്തിൽ ഒരിക്കൽ | ഗണിത അധ്യാപകർ, ICT മേഖലയിൽ പ്രാവീണ്യമുള്ള മറ്റദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കൽ. | **ഗണിത ക്ലിനിക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അദ്ധ്യാപകരും, മുന്നോക്കം നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകർ, കുട്ടികൾ | |
| വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ നിന്ന് രൂപപ്പെടുത്തുന്നു. | ആവശ്യാനുസരണം | SRG | |

## ഗണിതം (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുക. | ഗണിതപ്പാട്ടുകൾ ശേഖരിക്കുക, ഗണിത ആൽബം തയ്യാറാക്കുക. Geogebra പ്രവർത്തനങ്ങൾ. | 1 വർഷം | കുട്ടികൾ, അധ്യാപകർ | പി.ടി.എ. |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഗണിത രൂപങ്ങൾ, അളവുകൾ എന്നിവ പരിചയപ്പെടുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ. |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | കുട്ടികൾ കൂടാതെ പ്രദേശത്തെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ. | വർഷത്തിൽ മൂന്ന് | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ. നടത്തുന്ന ചുമതലകൾ നൽകുന്നു. | വർഷത്തിൽ ഒന്ന് | അധ്യാപകർ, HM, PTA President | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |

# ഭിന്നശേഷിക്കാരായ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ

## അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിക്കുന്ന തരത്തിൽ പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകന്റെ എല്ലാ ദിവസങ്ങളിലും ലഭ്യത കുറവ്.
3. ഭിന്ന നിലവാരത്തിനനുസരിച്ചുള്ള പാഠ്യപദ്ധതിയുടെ അപര്യാപ്തത.
4. ഓരോ കുട്ടിയുടേയും കഴിവുകൾ കണ്ടെത്തി അതു പരിപോഷിപ്പിക്കുന്നതിനു സാധിക്കുന്നില്ല.
5. കൗൺസലിംഗിന്റെ ദൗർലഭ്യം.
6. വ്യത്യസ്ത മേഖലയിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.

## ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം.
2. Adapted Toilet കളുടെ അഭാവം

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
2. ഭിന്നശേഷി പരിരക്ഷകളെക്കുറിച്ചുള്ള അവബോധമില്ലായ്മ.

# ഭിന്നശേഷിക്കാരായ കുട്ടികളുടെ പട്ടിക

**2025 – 2026**

| Class | Intellectual Disability | Muscular Locomodor Disability Dystrophy | Chromic Disability Condition | Multiple Disability | H I |
|---|---|---|---|---|---|
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | 3 | | | 2 | |
| 9 | 1 | | | | 1 |
| 10 | 3 | 1 | | | |

# പരിഹാരമാർഗ്ഗങ്ങൾ

## അക്കാദമികം

1. പഠന സാമഗ്രികൾ കുട്ടികളുടെ ആവശ്യത്തിനു ലഭ്യമാക്കേണ്ടതാണ്.
2. ഒരു റിസോഴ്സ് അധ്യാപകന് ഒരു സ്കൂൾ എന്ന രീതിയിൽ സേവനം അനുഷ്ഠിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പാഠ്യപദ്ധതി പരിഷ്കരണം ഓരോ ഭിന്നശേഷിക്കാർക്കും ഉതകുന്ന തരത്തിലാക്കണം.
4. ഓരോ കുട്ടിയുടേയും കഴിവ് കണ്ടെത്തി അത് പ്രോത്സാഹിപ്പിക്കുന്നതിന് സമയവും പണവും മാനുഷിക ഇടപെടലും ആവശ്യമാണ്.
5. കൗൺസിലർ ഓരോ വിദ്യാലയത്തിലും അത്യാവശ്യമാണ്.
6. വ്യത്യസ്ത മേഖലയിൽ പരിശീലനം നേടിയ അധ്യാപകരുടെ ഇടപെടൽ അത്യാവശ്യമാണ്.

## ഭൗതികം

1. ഭിന്നശേഷി സൗഹൃദ വിദ്യാലയം എന്നത് നടപ്പിലാക്കേണ്ടതാണ്.

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് പരിരക്ഷകളെക്കുറിച്ചും മറ്റു കാര്യങ്ങളെക്കുറിച്ചും ക്ലാസ്സുകൾ കൊടുക്കേണ്ടതാണ്.

# IT ലാബ് നവീകരണം

| പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ | കാലയളവ് | ചെലവ് | വരുമാനം | ചുമതല |
|---|---|---|---|---|
| ഓരോ കുട്ടിയ്ക്കും സിസ്റ്റങ്ങൾ കൃത്യമായി ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ലാപ്ടോപ് മേശകളും കസേരകളും ലാബിൽ സജ്ജമാക്കുക. | 2 മാസം | 40,000/- | | മാനേജ്മെന്റ് & സ്റ്റാഫ് |
| ഐ.ടി. റെക്കോഡുകൾ സുരക്ഷിതമാക്കി വയ്ക്കുന്നതിനുവേണ്ടി അലമാരകൾ ക്രമീകരിക്കുക. | 1 മാസം | 20,000/- | | മാനേജ്മെന്റ് |

## ഗൈഡ് യൂണിറ്റ്

- കുട്ടികളിൽ ലീഡർഷിപ്പ് ക്വാളിറ്റിയും പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമുള്ള കഴിവുള്ളവരാക്കുക.
- പ്രതിഫലം പ്രതീക്ഷിക്കാതെ സമൂഹത്തിന് ഗുണം ചെയ്യുന്ന കാര്യങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് വളർത്തുക.
- മടികൂടാതെ ഏതൊരു പ്രവർത്തനത്തിലേക്കും ഇറങ്ങിച്ചെല്ലാനുള്ള കഴിവ് വളർത്തുക.
- മാതാപിതാക്കളുടെ സഹായമില്ലാതെ മറ്റ് കുട്ടികളോടൊപ്പം ഏതൊരു സാഹചര്യത്തിലും ജീവിക്കാനുള്ള കഴിവ് നേടുക.
- ലഭ്യമായ സാമഗ്രികൾ ഉപയോഗിച്ച് ഏതൊരു പ്രതികൂല സാഹചര്യത്തേയും അതിജീവിക്കാനുള്ള കഴിവ് നേടുക.

| പ്രവർത്തന നിർദ്ദേശങ്ങൾ | കാലയളവ് | സഹായം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|
| രക്ഷാകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ്<br>ഗൈഡ് വിദ്യാർത്ഥികൾക്ക് പ്രവർത്തനങ്ങൾ ചെയ്യാനും അവരുടെ സാമഗ്രികൾ സൂക്ഷിക്കാനുമായി ഗൈഡ് കോർണർ | ഒരു അധ്യയനവർഷം | പി.ടി.എ.<br>മറ്റ് അധ്യാപകർ | പി.ടി.എ.<br>സ്പോൺസേഴ്സ് |

# കായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക വിശകലനം | കാലയളവ് |
|---|---|---|---|---|
| കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക. | സ്കൂളിന് സ്വന്തമായി ഒരു കായിക അധ്യാപകൻ ഇല്ലാത്തതുകൊണ്ട്, പി.ടി.എ. സഹകരണത്തോടെ പുറമേ നിന്ന് കായിക പരിശീലകരെ നിയമിച്ച് കുട്ടികൾക്ക് ഗുണപ്രദമായ പരിശീലനം നൽകുന്നു. | സ്കൂൾ മാനേജർ, സ്കൂൾ പ്രധാനാധ്യാപകൻ, പി.ടി.എ. | പി.ടി.എ. ഫണ്ട് | 1 മാസം |
| | കായിക പരിശീലകർക്ക് മാസംതോറും നിശ്ചിത തുക ശമ്പളമായി നൽകുന്നു. പെൺകുട്ടികൾക്ക് കായിക അധ്യാപികയുടേയും, ആൺകുട്ടികൾക്ക് കായിക അധ്യാപകന്റെയും സേവനം ഉറപ്പുവരുത്തുന്നു. | പി.ടി.എ. | പി.ടി.എ. ഫണ്ട് 15,000/- ഒരു മാസം | 1 വർഷം |
| കായിക മേളകളിൽ ദേശീയ/ അന്തർദേശീയ തലംവരെ പങ്കെടുക്കാൻ കുട്ടികളെ സജ്ജമാക്കുക. | സ്കൂളിൽ ലഭ്യമായിട്ടുള്ള പരിശീലന ഉപാധികൾ പ്രയോജനപ്പെടുത്തി രാവിലേയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നു. | കായിക പരിശീലകർ, സ്പോർട്സ് ടീച്ചർ ഇൻചാർജ്ജ്, പി.ടി.എ. | പി.ടി.എ. 2,000/- | 1 വർഷം |
| കായിക ഇനങ്ങളിൽ കഴിവുള്ള കുട്ടികളെ തിരഞ്ഞെടുത്ത് ജില്ലാ, ഉപജില്ലാ, സംസ്ഥാന തലങ്ങളിൽ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക. | കഴിവുള്ള കുട്ടികൾക്ക് ഒഴിവുള്ള ദിവസങ്ങൾ ഉൾപ്പെടെ കൂടുതൽ സമയം പോഷകാഹാരം നൽകിക്കൊണ്ട് പരിശീലനം നൽകുന്നു. | പി.ടി.എ., കായിക പരിശീലകർ | പി.ടി.എ. 3,000/- | |
| സ്കൂൾ ഫുട്ബോൾ ടീം രൂപീകരണം | ഗെയിംസിൽ താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി ഫുഡ്ബോളിൽ പ്രത്യേക പരിശീലനം നൽകി ഒരു ഫുട്ബോൾ ടീം രൂപീകരിക്കുന്നു. | പി.ടി.എ. | 5,000/- | |
| | വ്യത്യസ്ത മേഖലകളിൽ നടക്കുന്ന ഫുട്ബോൾ ടൂർണ്ണമെന്റിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. | കായിക പരിശീലകർ | | |

# പ്രവർത്തി പരിചയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക വിശകലനം | കാലയളവ് |
|---|---|---|---|---|
| എല്ലാ കുട്ടികളെയും കഴിവിനും താല്പര്യത്തിനും അനുസരിച്ച് വ്യത്യസ്ത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് പരിശീലനം നൽകുക. | പ്രവർത്തി പരിചയ മേളകളിൽ ഉൾപ്പെടുന്ന വ്യത്യസ്ത ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനു വേണ്ടി അധ്യാപകരുടേയും രക്ഷിതാക്കളുടേയും സഹകരണത്തോടെ വിദഗ്ധമായ പരിശീലകരെ സ്കൂളിൽ എത്തിക്കുന്നു. | പ്രവർത്തി പരിചയ ക്ലബ് കൺവീനർ, മറ്റ് അധ്യാപകർ | | 2 മാസം |
| പ്രവർത്തി പരിചയ മേളകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | പാവ നിർമ്മാണം, ഇലക്ട്രിക്കൽ വയറിംഗ്, കുട നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ്, Plaster of paris products, Product using waste materials എന്നീ വ്യത്യസ്ത ഇനങ്ങളിൽ വ്യത്യസ്തരായ പരിശീലകരെ ഉൾപ്പെടുത്തി കുട്ടികൾക്ക് ഒഴിവു ദിവസങ്ങളിൽ പരിശീലനം നൽകുന്നു. | അധ്യാപകർ, രക്ഷിതാക്കൾ | 20,000/- | 6 മാസം |
| ഓരോ കുട്ടിക്കും വ്യത്യസ്ത തൊഴിൽ മേഖലകളിൽ പ്രാവീണ്യം നൽകുക. | കുട്ടികൾ തയ്യാറാക്കിയ ഉല്പന്നങ്ങൾ സ്കൂളിലും മറ്റ് വ്യവസായ മേഖലകളിലും വിപണനം നടത്താനുള്ള സൗകര്യം പി.ടി.എ. സഹകരണത്തോടെ ഉറപ്പാക്കുന്നു. | പി.ടി.എ., അധ്യാപകർ | | |

# കലാ വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക വിശകലനം | കാലയളവ് |
|---|---|---|---|---|
| കുട്ടികളിൽ കലയോടുള്ള താല്പര്യം കണ്ടെത്തി അവരുടെ കലാവാസന വികസിപ്പിക്കുക. | പി.ടി.എ. യുടേയും അധ്യാപകരുടേയും സഹകരണത്തോടെ ഒരു നൃത്ത അധ്യാപികയെ നിയമിച്ച് കഴിവുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. | അധ്യാപകർ | 2,000/- ഒരു മാസം | 1 മാസം |
| കലാരംഗത്ത് ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ മത്സരിക്കാൻ കഴിയുന്ന തരത്തിൽ പരിശീലനം ഉറപ്പുവരുത്തുക. | ഒപ്പന, തിരുവാതിര, നാടൻപാട്ട് എന്നീ ഇനങ്ങളിൽ പ്രത്യേക പരിശീലനം നൃത്ത അധ്യാപികയുടെ നേതൃത്വത്തിൽ കുട്ടികൾക്ക് നൽകുന്നു. ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ ഉയർന്ന സ്ഥാനം കരസ്ഥമാക്കുന്നതിനുവേണ്ടി വൈകുന്നേരങ്ങളിലും ഒഴിവു ദിവസങ്ങളിലും പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നു. | നൃത്ത അധ്യാപിക | | 5 മാസം |

## ഉപസംഹാരം

വിദ്യാലയത്തിലെത്തുന്ന കുട്ടികളുടെ വൈജ്ഞാനിക, വൈകാരിക, ശാരീരിക, സാമൂഹിക വികസനത്തിനുള്ള പദ്ധതിയാണ് വിദ്യാഭ്യാസം. വിവിധ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പരിസരങ്ങളിൽ ജീവിക്കുന്ന കുട്ടികളുടെ പഠനാവശ്യങ്ങൾ മുഴുവനും നിറവേറ്റാൻ ഉതകുന്ന തരത്തിൽ വിദ്യാലയങ്ങൾ ഉയർത്തപ്പെടുത്തണം. പഠന പ്രക്രിയ നൈരന്തര്യത്തോടെ നടക്കണമെങ്കിൽ സമഗ്രമായ പാഠ്യപദ്ധതിയും, ബൗദ്ധിക തലത്തിൽ ഉയർത്തപ്പെട്ട അധ്യാപകരും, അറിവു നിർമ്മാണശാലകളായ വിദ്യാഭ്യാസ സംവിധാനങ്ങളും സൃഷ്ടിക്കപ്പെടണം.

ഓരോ വിഷയത്തിലും ക്ലാസ്സിലും നേടേണ്ട പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ എല്ലാ കുട്ടികളും നേടണമെന്ന ലക്ഷ്യത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള അക്കാദമിക മികവ് സ്വപ്നം കണ്ടുകൊണ്ട് 2026 മാർച്ചിൽ പൂർത്തിയാക്കാൻ സാധിക്കുന്ന തരത്തിൽ സമഗ്രമായ ഒരു ആസൂത്രണം തയ്യാറാക്കി മുന്നോട്ട് ചുവടുവെയ്ക്കുകയാണ് വാളൂർ നായർ സമാജം സ്കൂൾ. സ്കൂളിലെ മുഴുവൻ അധ്യാപകരും, അനധ്യാപകരും ചേർന്ന് തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും, പൊതുസമൂഹത്തിന്റെയും, അധികാരികളുടെയും സഹായത്തോടെ പൂർത്തിയാക്കാൻ സാധിക്കട്ടെ എന്ന പ്രാർത്ഥനയോടെ അഭിമാനത്തോടെ സമർപ്പിക്കുന്നു. ഇതിനായി പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും, അനധ്യാപകർക്കും നന്ദി അറിയിക്കുന്നു.